**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1676** **20-06-2024 - ൽ മറുപടിയ്ക്ക്**

**കേര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേര പദ്ധതി പ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനത്തിന് ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (KERA).<br><br>ശാസ്ത്രീയവും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും, കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കാർഷികമേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഊർജ്ജിത പ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ് നേതൃത്വം നൽകുന്ന ടി പദ്ധതി നടപ്പിലാക്കാനായി ലോക ബാങ്കിന്റെ Investment Project Financing (IPF) പോളിസി രീതിയാണ് അവംലബിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>അഞ്ചു വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (1655.85 കോടി രൂപ) ലോകബാങ്ക് വിഹിതവും, 85 ദശലക്ഷം ഡോളർ (709.65 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. പദ്ധതിക്ക് 11.01.2024 ലെ G.O.(Ms)No. 09/2024/ കൃഷി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു. |

**ഘടകം 1 : കൃഷിയിലെ കാലാവസ്ഥാപ്രതിരോധവും ലഘൂകരണവും**

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate Smart Agriculture - CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ.

അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.

മെച്ചപ്പെട്ട ജല ഉപയോഗ ക്ഷമതക്കും, കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

**ഘടകം 2 : പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർദ്ധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക.**

കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രിബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.

സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.

നയപരമായ പരിഷ്കാരങ്ങൾ, കൃഷിയ്ക്കുള്ള ഭൂമി ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ.

**ഘടകം 3 : FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം**

കേരളത്തിലെ FPO,FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക.

അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.

| | | | |
|---|---|---|---|
| | | | അഗ്രിപാർക്കുകൾക്കുള്ള സഹായം. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പാലാ മണ്ഡലത്തിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേര പദ്ധതി രൂപീകരണ ഘട്ടത്തിലാണ്. പദ്ധതിക്ക് മണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ നാളിതുവരെ ആസൂത്രണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ